LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, ജനകീയാസൂത്രണ പദ്ധതിയിലെ ഭവനപദ്ധതി, ആശ്രയ ഭവന നിർമ്മാണ പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളായ സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP), നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി (BSUP), രാജീവ് ആവാസ് യോജന, (RAY) എന്നിവയിലെ ഭവന നിർമ്മാണ പദ്ധതികളുമാണ് നഗരകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നഗരസഭകളിൽ നടപ്പാക്കി വരുന്ന ഭവന പദ്ധതികൾ. ഇ.എം.എസ്. ഭവന പദ്ധതി 31-3-2012-ന് അവസാനിച്ചുവെങ്കിലും ടി കാലയളവിനുമുമ്പ് കരാർ വച്ച ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന ധനസഹായം നൽകിവരുന്നു. ഇതിനുപുറമേ ജനകീയാസൂത്രണ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭകൾ രൂപകൽപ്പന നടത്തുന്ന ഭവന നിർമ്മാണ പദ്ധതികളും ഉണ്ട്.

(ബി) നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി (BSUP), സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP), രാജീവ് ആവാസ് യോജന, (RAY) എന്നിവയാണ് ഭവന നിർമ്മാണത്തിന് നഗരകാര്യ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ.

(സി) ഭവനപദ്ധതികളിലെല്ലാം തന്നെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക പ്രാതിനിധ്യം ഉറപ്പുവരുത്താറുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി മാത്രമായി പ്രത്യേക ഫണ്ട് (സ്പെഷ്യൽ കംപോണന്റ് പ്ലാൻ) വകയിരുത്തി അതിൽനിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നഗരസഭകളിൽ നടപ്പാക്കി വരുന്ന ഭവന പദ്ധതികളും ടി വിഭാഗക്കാർക്ക് മാത്രമായുള്ളതാണ്.

നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

172 (1610) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) ആലപ്പുഴ നഗരസഭയുടെ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ഇടർച്ചയായി വിലയിരുത്തുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാല് അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. വകുപ്പുമന്ത്രി മൂന്ന് പ്രാവശ്യം നഗരങ്ങൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയുണ്ടായി.

(ബി) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ മാസ്റ്റർ പ്ലാനുകളുടെ സ്റ്റേജ് അനുബന്ധമായി ചേർക്കുന്നു.*

(സി) ആലപ്പുഴ നഗരത്തിന് 1999-ൽ പ്രസിദ്ധീകരിച്ച ഒരു കരട് മാസ്റ്റർ പ്ലാൻ പ്രാബല്യത്തിലുണ്ട്. ഈ പ്ലാൻ ഇടർ നടപടികൾ സ്വീകരിച്ച് അംഗീകൃതമാക്കാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ ആലപ്പുഴ മാസ്റ്റർ പ്ലാനിന്റെ കരട് പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. ഈ പ്ലാൻ 21-1-2014-ൽ നഗരസഭാ കൗൺസിലിൽ അവതരിപ്പിച്ചു. കൗൺസിൽ നൽകിയ നിർദ്ദേശങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് കരട് മാസ്റ്റർ പ്ലാൻ പുതുക്കി അന്തിമ രൂപം നൽകിവരുന്നു.

തമ്പാനൂർ, കിഴക്കേക്കോട്ട ബസ് ടെർമിനലുകളുടെ ദുരവസ്ഥ

173 (1611) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരത്തിലെ ജനത്തിരക്കേറിയ തമ്പാനൂർ, കിഴക്കേക്കോട്ട എന്നീ ബസ് ടെർമിനലുകളുടെ വർഷങ്ങളായി തുടരുന്ന ദുരവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) വാഹന ഗതാഗതവും കാത്തുനില്പും കാൽനടയാത്രയും ദുഷ്കരമായ ഈ സ്ഥിതിക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് അറിവുണ്ടോ ;

(സി) അപമാനകരമായ ഈ സ്ഥിതിവിശേഷം അവസാനിപ്പിച്ച് ഇവിടം സുരക്ഷിതമാക്കുന്നതിനുള്ള പദ്ധതി അടിയന്തരമായി നടപ്പാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.